# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4117 — 25.06.2018-ൽ മറുപടിയ്ക്ക്.

## ക്ഷീര മേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പശുക്കളുടെ ഉല്പാദന ക്ഷമത നിലനിർത്തുന്നതിനും അവയുടെ ആരോഗ്യ സംരക്ഷണത്തിനുമായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>രാത്രികാല അടിയന്തിര വെറ്റിനറി സേവനം 105 ബ്ലോക്കുകളിലേക്ക് വ്യാപിപ്പിച്ചു.<br>കേരള ഫീഡ്സിൽ നിന്നും മിനറൽ മിക്സ്ചർ വാങ്ങി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>അകിടുവീക്കരോഗ നിയന്ത്രണ പരിപാടി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു.<br>മൃഗാശുപത്രികളിൽ കന്നുകാലികൾക്ക് ബീജാധാന സൗകര്യം സൗജന്യമായി നൽകുന്നുണ്ട്. ഇതു കൂടാതെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചികിത്സ, രോഗനിർണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു.<br>സംസ്ഥാനത്തുടനീളം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 2,516 മൃഗ സംരക്ഷണ കേന്ദ്രങ്ങളിലൂടെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സേവനം ലഭ്യമാക്കുന്നു. |
| (ബി) പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി അനിമൽ റിസോഴ്സ് ഡവലപ്മെന്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ; | (ബി) ഉണ്ട്.<br>പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. മൃഗസംരക്ഷണ മേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശ ഇനത്തിൽ സബ്സിഡി നൽകുന്നതിലൂടെ ഈ മേഖലയിൽ കൂടുതൽ കർഷകരെ മുതൽ മുടക്കുന്നതിനും അതുവഴി ഉല്പാദന വർദ്ധനവിനും പദ്ധതി ലക്ഷ്യമിടുന്നു. ഒരു കർഷകന് പരമാവധി 5000 രൂപവരെ ധനസഹായം ലഭിക്കുന്നതാണ്. |

(സി) ക്ഷീരസംഘങ്ങളുടെ ആധുനീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ക്ഷീരവിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം

(2) പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം

(3) ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം

(4) ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക്

(5) ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം

(6) പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം. മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്

(7) ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ

(8) ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുന:നിർമ്മാണം ശീതീകരണ മുറി, കാറ്റിൽ ഫീൽഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം

(9) ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം

(10) ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം

(11) സമഗ്ര സഹകരണ പ്രചരണ പരിപാടി

(12) കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സഹായം

(13) ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജനം, സൗരോർജ്ജ വിനിയോഗം, മഴവെള്ളസംഭരണി സ്ഥാപിക്കൽ എന്നിവയ്ക്കുള്ള സഹായം

(ഡി) ക്ഷീരസംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്-വെയർ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ഇ) പരിചയ സമ്പന്നരായ കറവക്കാരുടെ ദൗർലഭ്യം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമായതിനാൽ ചെലവ് കുറഞ്ഞതും പ്രവർത്തിപ്പിക്കുവാൻ എളുപ്പമുള്ളതുമായ കറവ യന്ത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കൂടുതൽ കറവ യന്ത്രങ്ങൾ കർഷകർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കറവ യന്ത്രത്തിന്റെ വിലയുടെ 50 ശതമാനം പരമാവധി 25,000 രൂപ വരെയാണ് ധനസഹായമായി അനുവദിക്കുന്നത്.

**സെക്ഷൻ ഓഫീസർ**